11/01/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/01/2025

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അമ്പലവയൽ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (RARS) 2025 ജനുവരി 1 മുതൽ 15 വരെ പൂപ്പൊലി 2025 എന്ന വാർഷിക അന്താരാഷ്ട്ര പുഷ്പമേള സംഘടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും അവതരിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ ഏജൻസികൾക്കും കർഷകർക്കും 50-ലധികം പ്രദർശന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിൻ്റെയും സാങ്കേതിക പുരോഗതിയുടെയും മഹത്തായ പ്രദർശനമായി ഇത് വർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, നൂതനമായ പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവ മനസ്സിലാക്കുന്നതിനും പൂപ്പൊലി സഹായിക്കും.

2. നാളികേര വികസന ബോർഡിൻറെ 45ാമത് സ്ഥാപക ദിനാഘോഷവും, കേര കർഷക സെമിനാറും 2025 ജനുവരി 12ന് നാളികേര വികസന ബോർഡിൻറെ കൊച്ചി ആസ്ഥാനത്ത് എറണാകുളം എംഎൽഎ ടി. ജെ. വിനോദ് ഉദ്ഘാടനം ചെയ്യും. 200 ഓളം കർഷകര് പങ്കെടുക്കുന്ന സെമിനാറിൽ നാളികേര വികസന ബോർഡിലെയും, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെയും മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കും. ശാസ്ത്രീയ തെങ്ങ് കൃഷി രീതികൾ, രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങള്, നാളികേര സംസ്കരണവും മൂല്യവർദ്ധനവും, മാർക്കറ്റിംഗും നാളികേര ഉൽപ്പന്നങ്ങളുടെ കയറ്റുമതി, കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. നാളികേര കൃഷിയും വ്യവസായവും ശാക്തീകരിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമായി നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് കർഷകരില് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ പേവിഷ നിർമ്മാർജ്ജനവും, അതുമുഖേന പൊതുജനാരോഗ്യ ക്ഷേമവും മുൻനിർത്തി നടപ്പിലാക്കുന്ന പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൻ്റെ 2024-25 വർഷത്തെ ജനകീയാസൂത്രണ പദ്ധതി - പേവിഷ പ്രതിരോധ കുത്തിവയ്പ് ക്യാമ്പ് 2025 ജനുവരി 11 മുതൽ 14 വരെ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്നു. മൂന്നു മാസത്തിനുമേൽ പ്രായമുള്ള എല്ലാ നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. എല്ലാ വളർത്തു നായ്ക്കളുടെ ഉടമസ്ഥരും ക്യാമ്പിൽ പങ്കെടുത്ത് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നിർബന്ധമായും വാങ്ങേണ്ടതാണ്. രജിസ്ട്രേഷൻ ഫീസായി 25 രൂപ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9496563828, 9446560050,9495621420 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതിയുടെ ഘടക പദ്ധതിയായ ബ്രാക്കിഷ്/സലൈൻ മേഖലയിൽ ബയോഫ്ളോക്കുളം നിർമ്മാണം, ബയോഫ്ളോക് മത്സ്യകൃഷി, മത്സ്യസേവന കേന്ദ്രം ആരംഭിക്കൽ എന്നീ പദ്ധതികളിലേക്ക് അപേക്ഷിക്കാം. ബയോഫ്ളോക്കുളം നിർമ്മാണത്തിന് 7.20 ലക്ഷം രൂപയും ബയോഫ്ളോക് മത്സ്യകൃഷി പദ്ധതി (പട്ടികജാതി വിഭാഗക്കാർക്ക് മാത്രം) നാലര ലക്ഷം രൂപയും സബ്സിഡിയായി ലഭിക്കും. മത്സ്യസേവന കേന്ദ്രം ആരംഭിക്കുന്ന പദ്ധതിക്ക് അപേക്ഷകന് ഫിഷറീസ് സയൻസ്, ലൈഫ് ബയോളജി, മൈക്രോബയോളജി, സുവോളജി, ബയോകെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദം വേണം. 10 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കും. അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യ ഭവനുകളിൽ ലഭിക്കും. ജനുവരി 13 ന് വൈകുന്നേരം അഞ്ച് മണിവരെ അപേക്ഷ സ്വീകരിക്കും. ഫോൺ : 0497 2731081.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി കോളേജിലെ ഫോറസ്റ്റ് പ്രോഡക്ട്സ് & യൂട്ടിലൈസേഷൻ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകൾ ഉണ്ട്.

അപേക്ഷകൾ 13.01.2025 മുമ്പായി എന്ന deanforestry@kau.in ഇ മെയിൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 17.01.2025 രാവിലെ 9.30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻററർവ്യൂവിൽ പങ്കെടുക്കാം .കൂടുതൽ വിവരങ്ങൾ www.kau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## പരിശീലന പരിപാടി

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ ജനുവരി 14 മുതൽ 18 വരെ കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരകർഷകർക്കും സംരഭകർക്കുമായി 'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻ്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. ജനുവരി 11 ന് വൈകീട്ട് 5നകം 0495-2414579 എന്ന നമ്പർ വഴിയോ നേരിട്ടോ രജിസ്റ്റർ ചെയ്യുക. പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രമാണ്.

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 17, 18 തീയതികളിൽ ആട്ട വളർത്തൽ എന്ന വിഷയത്തിൽ പരിശീലനംസംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം